## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *241** **18.06.2019-ൽ മറുപടിയ്ക്ക്**

### റോഡുകളുടെ പുനരുദ്ധാരണത്തിൽ പൊടിച്ച പ്ലാസ്റ്റിക്കിന്റെ ഉപയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. രാജൻ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റോഡുകളുടെ പുനരുദ്ധാരണത്തിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിൽ പി.ഡബ്ല്യു.ഡി. എത്രമാത്രം മുന്നേറ്റം നേടിയിട്ടുണ്ടെന്ന് വിലയിരുത്തുമോ; | എ) റോഡുകളുടെ പുനരുദ്ധാരണത്തിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് മൊത്തം റോഡിന്റെ 50% ഭാഗം നിർബന്ധമായും ചെയ്യണമെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ ഇതുവരെ 288.11 കി.മീ. റോഡ് പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ചെയ്തിട്ടുണ്ട്.<br>ദേശീയപാതാ വിഭാഗത്തിൽ 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് നിശ്ചിത ദൈർഘ്യം സ്ട്രെച്ചുകളുടെ ബി.സി പ്രവൃത്തികളിൽ പ്ലാസ്റ്റിക് പൊടിച്ചത് കലർത്തി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പ്രവർത്തികൾ നടപ്പിലാക്കുമ്പോൾ ഇത് പാലിച്ചു എന്ന് ഉറപ്പു വരുത്തുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബാദ്ധ്യസ്ഥരാണ്. |
| (ബി) പ്ലാസ്റ്റിക് ചേർത്ത് നിർമ്മിക്കപ്പെടുന്ന റോഡുകൾ കൂടുതൽ കാലം നിലനിൽക്കുന്നവയാണെങ്കിലും | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | കരാറുകാർ അത്തരം റോഡുകൾ നിർമ്മിക്കുന്നതിന് തയ്യാറാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണം വിലയിരുത്തുമോ; | | |
| (സി) | ആകെ ടാർ ചെയ്യുന്ന റോഡിന്റെ എത്ര ശതമാനമാണ് പ്ലാസ്റ്റിക് ചേർത്ത് ടാർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | നിരത്ത് വിഭാഗത്തിൽ ആകെ ടാർ ചെയ്യുന്ന റോഡിന്റെ 50% പൊടിച്ച പ്ലാസ്റ്റിക് ചേർത്ത് ടാർ ചെയ്യണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.<br>ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ടിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് ഒരു കിലോ മീറ്റർ ബി.സി പ്രവൃത്തിയിൽ പൊടിച്ച പ്ലാസ്റ്റിക് 5% മുതൽ 10% വരെ ഉപയോഗിക്കുവാനാണ് എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. |
| (ഡി) | റോഡ് നിർമ്മാണത്തിൽ ഏതളവ് വരെ പ്ലാസ്റ്റിക് ചേർക്കാമെന്നാണ് ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നതെന്ന് അറിയിക്കുമോ; ഇതുസംബന്ധിച്ച പഠനഫലങ്ങൾ വിശദമാക്കുമോ? | (ഡി) | റോഡ് നിർമ്മാണത്തിൽ ബിറ്റുമിൻ തൂക്കത്തിന്റെ 7-8% Shredded Plastic ശുദ്ധീകരിച്ച് കഷ്ണങ്ങളാക്കിയ പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കാം എന്നാണ് ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നത്.<br>റോഡ് നിർമ്മാണത്തിന് Waste Plastic ഉപയോഗിക്കുന്നത് സംബന്ധിച്ച പഠനങ്ങൾ ഇന്ത്യയിലാദ്യമായി നടത്തിയത് മധുരെ ത്യാഗരാജ എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫ. വാസുദേവൻ ആണ്. 2002 ൽ കോവിൽപ്പെട്ടിയിൽ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിച്ചിരുന്നു. തുടർന്ന് പ്രൊഫ. ജസ്റ്റോ, പ്രൊഫ. വീരരാഘവൻ എന്നിവരും സി.ആർ.ആർ.ഐ. |

(Central Road Research Institute) യിലെ ശാസ്ത്രജ്ഞരും പരീക്ഷണാടിസ്ഥാനത്തിൽ വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച റോഡുകൾ മറ്റുള്ള റോഡുകളേക്കാൾ കൂടുതൽ കാലം ഈട്ട നിൽക്കുന്നതായി കണ്ടെത്തി. പരീക്ഷണാടിസ്ഥാനത്തിൽ കെ.എച്ച്. ആർ.ഐ. ജനുവരി 2006 ൽ ചാവടിമുക്ക് - പുല്ലാനിവിള – നരിക്കൽ റോഡിന്റെ 500 മീറ്റർ സ്റ്റ്രെച്ചിൽ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിച്ചിട്ടുണ്ട്. തുടർന്ന് 5 വർഷത്തേയ്ക്ക് നടത്തിയ നിരീക്ഷണത്തിൽ ഈ റോഡ് കേടുപാടുകളില്ലാതെ നിലനിൽക്കുന്നതായി കണ്ടെത്തി. പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിനുള്ള മാർഗ്ഗ രേഖ IRC SP: 98 – 2013 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുശേഷം പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന എല്ലാ റോഡുകളിലും വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം നടപ്പിലാക്കുന്നുണ്ട്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇതുവരെ പൊതുമരാമത്ത് വകുപ്പിൽ 288.11 കി.മീ. റോഡ് നിർമ്മിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ